**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 209** **16-09-2025 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ട് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ വർഷങ്ങളായി മെഡിക്കൽ സൂപ്രണ്ടിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിലാണ് ഡോക്ടർമാർ സർവ്വീസിൽ പ്രവേശിക്കുന്നത്. അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് പോസ്റ്റിങ്ങ് നൽകുകയും, അവർക്ക 2010 ലെ കേരള മെഡിക്കൽ ഓഫീസേഴ്സ് സ്പെഷ്യൽ റൂൾ പ്രകാരം ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കി 5 വർഷം പൂർത്തീകരിക്കുകയും ചെയ്യുമ്പോഴാണ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പ്രൊമോഷൻ നൽകുന്നത്. 30/11/2023 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർമാരിൽ നിന്നും നിശ്ചിത യോഗ്യതയുള്ള 19 പേർക്ക് അസിസ്റ്റന്റ് ഡയറക്ടറായി സ.ഉ.(സാധാ) നം.621/2024/H&FWD തീയതി 01.03.2024 ഉത്തരവ് പ്രകാരം പ്രൊമോഷൻ നൽകിയിരുന്നു. പ്രസ്തുത പ്രൊമോഷൻ സമയത്തു ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നിന്ന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ അർഹതയുള്ളവരോ, 2024, 2025 പൊതുസ്ഥലംമാറ്റത്തിലോ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥലംമാറ്റത്തിനുള്ള അപേക്ഷയോ ലഭിച്ചിരുന്നില്ല. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട 7 പേർക്ക് സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള യോഗ്യതയായ 5 വർഷത്തെ സേവനം ഇല്ലാത്തതിനാലാണ് പ്രൊമോഷൻ നൽകാൻ സാധിക്കാത്തത്. . |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ മെഡിക്കൽ സൂപ്രണ്ടിനെ നിയമിക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (ബി) | ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിലാണ് ഡോക്ടർമാർ സർവ്വീസിൽ പ്രവേശിക്കുന്നത്. അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് പോസ്റ്റിങ്ങ് നൽകുകയും, അവർക്ക 2010 ലെ കേരള മെഡിക്കൽ ഓഫീസേഴ്സ് സ്പെഷ്യൽ റൂൾ പ്രകാരം ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കി 5 വർഷം പൂർത്തീകരിക്കുകയും ചെയ്യുമ്പോഴാണ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പ്രൊമോഷൻ നൽകുന്നത്. 30/11/2023 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർമാരിൽ നിന്നും നിശ്ചിത യോഗ്യതയുള്ള 19 പേർക്ക് അസിസ്റ്റന്റ് ഡയറക്ടറായി സ.ഉ.(സാധാ) നം.621/2024/H&FWD തീയതി 01.03.2024 ഉത്തരവ് പ്രകാരം പ്രൊമോഷൻ നൽകിയിരുന്നു. പ്രസ്തുത പ്രൊമോഷൻ സമയത്തു ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നിന്ന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ അർഹതയുള്ളവരോ, 2024, 2025 പൊതുസ്ഥലമാറ്റത്തിലോ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥലംമാറ്റത്തിനുള്ള അപേക്ഷയോ ലഭിച്ചിരുന്നില്ല. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട 7 പേർക്ക് സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള യോഗ്യതയായ 5 വർഷത്തെ സേവനം ഇല്ലാത്തതിനാലാണ് പ്രൊമോഷൻ നൽകാൻ സാധിക്കാത്തത്. |
| (സി) | സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ എത്രയുംപെട്ടെന്ന് മെഡിക്കൽ സൂപ്രണ്ടിനെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (സി) | ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസറിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സെലക്ട് ലിസ്റ്റ് 05/09/2025 തീയതിയിലെ സ.ഉ.(പി)84/2025/H&FWD പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ നിന്നും ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സൂപ്രണ്ടിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ